"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം: 695033
ഇമെയിൽ: cru.dttvpm@kerala.gov.in, ഫോൺ: 0471 2303856

**DT/1998/2026-C1** **തീയതി: 21-08-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - **SCVET** അഡ്മിഷൻ **2026** - മതിയായ അപേക്ഷകൾ ലഭിക്കാത്ത ഐ ടി ഐ കളിൽ മാത്രം സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. പ്രോസ്പെക്ടസ് നം **SCVET/1/2026**
2. **13.08.2026** തീയതിയിലെ **DT/1997/2026-C1-PART(3)** നമ്പരായ ചുറ്ററിയിപ്പ്

**********

**2026-27/28** വർഷത്തേയ്ക്കുള്ള ഐടിഐ പ്രവേശനത്തിന്, മതിയായ ഓൺലൈൻ അപേക്ഷകൾ ലഭിക്കാത്ത ഐടിഐകളിൽ മാത്രം, നിലവിലെ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്ക് വിധേയമായി **21.08.2026** വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് സൂചന **(2)** പ്രകാരം നിർദേശം നൽകിയിരുന്നു.

എന്നാൽ വകുപ്പിന് കീഴിൽ **SCVET** ട്രേഡുകളിൽ പരിശീലനം നൽകി വരുന്ന ഐ ടി ഐ കളിൽ നിലവിലെ അഡ്മിഷൻ നിരക്ക് **100%** പൂർത്തിയായിട്ടില്ല. ആകെ രണ്ട് ഐ ടി ഐ കളിൽ മാത്രമേ **80%** അഡ്മിഷൻ എങ്കിലും നടന്നിട്ടുള്ളതായും കാണുന്നു.

മേൽ സാഹചര്യത്തിൽ **SCVET** ട്രേഡുകളിലെ അഡ്മിഷൻ സംബന്ധിച്ച അറിയിപ്പ് പത്രങ്ങൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന വ്യാപകമായ പരസ്യ പ്രചാരണങ്ങൾ നൽകുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുമായി ബന്ധപ്പെട്ട് കൃത്യമായ ബോധവത്കരണം നടത്തേണ്ടതാണ്. ഇപ്രകാരം **100%** അഡ്മിഷൻ കൈവരിക്കുന്നതിലേക്കായി, ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി **2026** വർഷത്തെ **SCVET** അഡ്മിഷൻ ക്ലോസിംഗ് തീയതി **10.09.2026** തീയതി വരെ ദീർഘിപ്പിക്കുന്നു.

**SCVET** ട്രേഡുകൾ നിലവിലുള്ള ജില്ലകളുടെ ചുമതലയുള്ള **ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്** ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട ഐ ടി ഐ

പ്രിൻസിപ്പാൾമാരുമായി ആശയ വിനിമയം നടത്തേണ്ടതും, അഡ്മിഷൻ പുരോഗതി എല്ലാ ദിവസവും വിലയിരുത്തി, ഇത് സംബന്ധിച്ച തുടർ നിർദേശങ്ങൾ നൽകേണ്ടതും, 100% അഡ്മിഷൻ കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഡെപ്യൂട്ടി ട്രെയിനിംഗ് ഡയറക്ടർ (പ്ലാനിംഗ്)**

സ്വീകർത്താവ്: SCVET ട്രേഡുകളിൽ അഡ്മിഷൻ നടത്തുന്ന സ്ഥാപന മേധാവിമാർ

Digitally signed by Shynkumar G
Date: 21-08-2026 14:43:34

പകർപ്പ്:

1. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
2. സ്റ്റോക്ക് ഫയൽ (സി1 സീറ്റ്)